പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3562 08.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. യിലെ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ഡ്യൂട്ടി ക്രമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി. ഇബ്രാഹിം | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ലൈൻ ഡ്യൂട്ടിക്കാരായ കണ്ടക്ടർക്കും/ഡ്രൈവർക്കും സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമപ്രകാരം സൈൻ ഓൺ മുതൽ സൈൻ ഓഫ് വരെയുള്ള മൊത്ത സമയവും ഡ്യൂട്ടിയിൽ തന്നെയാണ് എന്നാണോ കണക്കാക്കുന്നത്; വ്യക്തമാക്കാമോ; | (എ) | അല്ല.<br>1961-ലെ മോട്ടോർ തൊഴിലാളി നിയമത്തിലെ 2(f) പ്രകാരം ജോലി സമയം സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം റണ്ണിംഗിനായി എടുക്കുന്ന സമയവും അനുബന്ധ ജോലികൾക്കായുള്ള സമയവും ബസ് ടെർമിനലുകളിൽ 15 മിനിറ്റിന് താഴെ ചെലവഴിക്കുന്ന ഡ്യൂട്ടിയോടനുബന്ധിച്ചുള്ള സമയവും ഉൾക്കൊള്ളിച്ചാണ് ആകെ ഡ്യൂട്ടി സമയം കണക്കാക്കുന്നത്. പ്രസ്തുത നിയമത്തിലെ 2(k), 13-ാം വകുപ്പ് എന്നിവ പ്രകാരം ഡ്യൂട്ടികളിലെ സ്പ്രെഡ് ഓവർ സമയം കണക്കാക്കുന്നതിനും, ആകെ ജോലി സമയം കണക്കാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഡ്യൂട്ടി നോക്കുന്ന കണ്ടക്ടർക്കും ഡ്രൈവർക്കും എട്ടും, പത്തും, പതിനാറും, പതിനെട്ടും, ഇരുപതും മണിക്കൂർ ആയിട്ടും ഡ്യൂട്ടി അവസാനിക്കാതെ വരുമ്പോൾ അവർക്ക് 8 മണിക്കൂർ കഴിഞ്ഞ് അധികം വരുന്ന സമയത്തിന് അടുത്ത ഡ്യൂട്ടി, അധികമായി പണി എടുക്കുന്ന ഓരോ മണിക്കൂറിനും ഓവർടൈം ശമ്പളം, അധികരിച്ച പണി രാത്രിയിലാണെങ്കിൽ ഓവർ ടൈം എന്നിവ എപ്രകാരം കണക്കാക്കണമെന്ന നിർദ്ദേശമാണ് നിലവിലുള്ളത്; | (ബി) | സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി, മാനവവിഭവശേഷി പൂർണ്ണമായും, കാര്യക്ഷമമായും വിനിയോഗിക്കണമെന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ക്രമീകരണം നടത്തിയിട്ടുള്ളത്. നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് അധിക സമയം ജോലി ചെയ്യുന്ന ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് നിലവിലുള്ള ദിവസവേതനമാണ് നൽകി വരുന്നത്. |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | |
| (സി) | ഇത്തരത്തിൽ ഈ വിഭാഗം ജീവനക്കാരെ സിംഗിൾ ഡ്യൂട്ടിയോ, ഒന്നര ഡ്യൂട്ടി യായോ അതിലധികമോ സമയം ജോലി എടുപ്പിക്കുന്ന തിനെതിരെ ഹൈക്കോടതി യുടെയോ രാജ്യത്തെ മറ്റേതെ ങ്കിലും കോടതിയുടെയോ നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ അതിന് വിരുദ്ധമായി മേപ്പടി ജീവനക്കാരെ കെ.എസ്.ആർ.ടി.സി. യിൽ പണി എടുപ്പിക്കുന്നത് കോടതി നിർദ്ദേശത്തിന് അനുസൃത മായിട്ടാണോ; ഇല്ലെങ്കിൽ കോടതിയുത്തരവിന് വിരുദ്ധ മായ ഈ നടപടിക്ക് മുൻകാല പ്രാബല്യത്തോടെ സാമ്പ ത്തിക ആനുകൂല്യം നല്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്ത്കൊണ്ട്; | (സി) | നിർദ്ദേശം നിലവിലില്ല. എന്നാൽ കെ.എസ്.ആർ.ടി.സിയിലെ ഡ്യൂട്ടി പരിഷ്ക്കരണത്തിനെ സംബന്ധിച്ച് റ്റി.ഡി.എഫ് സംഘടന മുതൽപ്പേർ ഹർജിക്കാരായി ബഹു.ഹൈക്കോടതിയിൽ W.A.No. 1994/ 2017 (in WP(C) No. 19644/2017), W.A.No. 2037/2017 (in WP(C) No.23871/2017) എന്നീ നമ്പരുകളായും റജ്ജുമോൻ ജോസഫ് മുതൽപേർ ഹർജിക്കാരായി W.A.No. 1797/2017 (in WP(C) No.19476/2017) നമ്പരായും കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ W.A.No. 2346/2017 (WP(C) No.19465/2017)- നമ്പരായും റിട്ട് ഹർജി/അപ്പീലുകൾ ഫയൽ ചെയ്തിരുന്നു. ടി അപ്പീൽ ഹർജിയിൻമേൽ ബഹു.ഹൈക്കോടതി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, 1961-ലെ വ്യവസ്ഥകൾ പാലിച്ച് ടി നമ്പർ ഹർജിയിലെ ഹർജികക്ഷികളെയും അംഗീകൃത ട്രേഡ് യൂണിയൻ പ്രതിനിധികളെയും നോട്ടീസ് നൽകി കേട്ട് ഉചിതമായ തീരുമാനം എടുക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി-ക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതിൻപ്രകാരം ടി കക്ഷികളെ നേരിൽ കേൾക്കുകയും അതിൻപ്രകാരം 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം പുന:ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തൊഴിലാളി സംഘടനകൾ പണിമുടക്ക് ഉൾപ്പെടെയുള്ള സമര മാർഗ്ഗങ്ങൾ സ്വീകരിച്ചതിനെ തുടർന്ന് നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ക്രമം നിശ്ചയിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന നിലവിലുള്ള സാഹചര്യത്തിൽ ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തോടെ ആവക ആനുകൂല്യങ്ങൾ നൽകണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്. |
| (ഡി) | എട്ടും, പതിനാറും, പതിനെട്ടും, ഇരുപതും ഇരുപത്തിനാലും മണിക്കൂർ പണിയെടുക്കുന്ന ഈ വിഭാഗം ജീവനക്കാർക്ക് | (ഡി) | നിലവിൽ എല്ലാ ഷെഡ്യൂളുകൾക്കും നിയമപ്രകാരമുള്ള ഷെഡ്യൂൾ സമയക്രമത്തിനനുസരിച്ച് ഡ്യൂട്ടി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. മാനവവിഭവശേഷി പൂർണ്ണമായും |

| | | | |
|---|---|---|---|
| | അന്നത്തെ ഷെഡ്യൂൾ അവസാനിപ്പിക്കുമ്പോൾ അവർ അധികമായി ജോലി നോക്കിയ രണ്ട് മുതൽ എട്ട് മണിക്കൂർ വരെയുള്ള സമയത്തിന് ഒരു അധിക ഡ്യൂട്ടി പോലും നല്കാതെ ഇവരുടെ അടിസ്ഥാന ശമ്പളത്തിന്റെ കണക്കെടുത്ത് അര, മുക്കാൽ, ഒന്ന്, ഒന്നര തുടങ്ങിയ മണിക്കൂറുകൾക്ക് മാത്രം തുക കണക്കാക്കി നല്കുന്ന തൊഴിൽ അനീതി അവസാനിപ്പിക്കാൻ അടിയന്തിര നിർദ്ദേശം നല്കുമോ; | | കാര്യക്ഷമമായും പ്രയോജനപ്പെടുത്തുന്ന രീതിയിലാണ് പ്രസ്തുത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. എട്ട് മണിക്കൂറിലധികമായി വരുന്ന അര, മുക്കാൽ, ഒന്ന്, ഒന്നര, രണ്ട് എന്നീ മണിക്കൂറുകൾക്ക് അധിക ഡ്യൂട്ടി നൽകുവാൻ നിലവിലെ സാഹചര്യത്തിൽ നിർവ്വാഹമില്ലാത്തതാണ്. |
| (ഇ) | ഇത്തരം നിയമങ്ങൾ കെ. എസ്.ആർ.ടി.സി. യിലെ ഈ വിഭാഗം തൊഴിലാളികളിൽ മാത്രം അടിച്ചേൽപ്പിച്ച് അവരെ കോടതി കയറ്റി സാമ്പത്തിക നഷ്ടം വരുത്തിക്കുന്ന രീതി യുക്തമാണോയെന്ന് പരിശോധിക്കുമോ? | (ഇ) | മാനവവിഭവശേഷി പൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തണമെന്ന ലക്ഷ്യത്തോടെ, ബഹു: കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം, 1961-ലെ നിയമത്തിലെ വ്യവസ്ഥകൾക്കും തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലുമാണ് നിലവിൽ ഡ്യൂട്ടിക്രമം നിശ്ചയിച്ച് വരുന്നത്. സർക്കാർ ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**